# വിദ്യ

# അക്കാദമിക് മാസ്റ്റർ പ്ലാൻ



## ചാലിയാട്ട് പൊയിൽ നാഷണൽ എൽ പി സ്കൂൾ

## ഉള്ളടക്കം


| | | |
|---|---|---|
| 1 | ആമുഖം | 1 |
| 2 | സ്കൂൾ ചരിത്രം | 2-3 |
| 3 | നേട്ടങ്ങൾ,പരിമിതികൾ | 4-5 |
| 4 | അക്കാദമിക പരിമിതികൾ | 6-7 |
| 5 | പൊതു ലക്ഷ്യങ്ങൾ | 8-11 |
| 6 | മാസ്റ്റർപ്ലാൻ ആസൂത്രണം | 12-26 |
| 7 | ഉപസംഹാരം | |

# ആമുഖം

ഒരു സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയെക്കുറിച്ച് തയ്യാറാക്കുന്ന സമഗ്രമായ ആസൂത്രണ രേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ സ്ഥാപനപരമായ സുപ്രധാന രേഖയാണിത്.

അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ആദ്യഭാഗത്തിൽ സ്കൂളിനെ കുറിച്ചുള്ള പൊതുചിത്രം,അധ്യാപകരുൾപ്പെടെയുള്ള ജീവനക്കാർ എന്നിവരുടെ എണ്ണം,തുടർന്ന് പരീക്ഷാഫലം,ഭൗതിക സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

രണ്ടാമതായി സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികളും പരിമിതികളും അതിന്റെ കൂടെതന്നെ അക്കാദമിക പരിമിതികളുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.അക്കാദമിക പരിമിതികളുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.അക്കാദമിക പിന്നാക്കാവസ്ഥക്കുള്ള കാരണങ്ങളും പരിഹാര നിർദ്ദേശങ്ങളും പ്രവർത്തനങ്ങളും ഈ പ്ലാനിലെ സുപ്രധാന രേഖയാണ്

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ സാർത്ഥകമാക്കാൻ ഉദ്ദേശിക്കുന്ന പൊതുവായ കാര്യങ്ങളും(പൊതുലക്ഷ്യം) അതുമായി ബന്ധപ്പെട്ട അക്കാദമിക പ്രവർത്തനങ്ങളും വിവിധ കാലയളവിനെ അടിസ്ഥാനമാക്കി (ഹ്രസ്വം,ദീർഘം,മധ്യം) തരംതിരിച്ചതിൽ പട്ടികപ്പെടുത്തിയിരിക്കുന്നു.

# നാഷണൽ എൽ.പി സ്കൂൾ ചാലിയാട്ടുപൊയിൽ

വടകര താലൂക്കിന്റെ വടക്ക് കിഴക്ക് അതിർത്തിയോട് ചേർന്ന് വാണിമേൽ വളയം വില്ലേജുകളിലായി വടക്ക് മലനിരകളായും വളയം ഗ്രാമപഞ്ചായത്തിലെ 7,4 വാർഡുകളുടെ കേന്ദ്രമായ നിരവുമ്മൽ എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഒരുപഴയ പള്ളിക്കൂടമാണ് ചാലിയാട്ടുപൊയിൽ നാഷണൽ എൽ.പി സ്കൂൾ.1957 ൽ അന്ന് നാദാപുരം എം എൽ എ ആയിരുന്ന സി.എച്ച് കണാരൻ മുൻകൈയെടുത്താണ് ഈ സ്കൂൾ സ്ഥാപിച്ചത്.മഞ്ചാന്തറ,നിരവ്,ചുഴലി,മുതുകുറ്റി എന്നീ മലയോര പ്രദേശങ്ങളിലെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിനായി കിലോമീറ്ററുകളോളം നടക്കേണ്ടി വന്നിരിന്നു,അതിന്നൊരു ശാശ്വതപരിഹാരമായിട്ടാണ് 1957 ൽ ചാലിയാട്ടുപൊയിൽ നാഷണൽ എൽ പി സ്കൂൾ നിലവിൽ വന്നത്.പ്രാദേശികമായി നിരവുമ്മൽ എൽ.പി സ്കൂൾ എന്നറിയപെടുന്നു.

വളയം ടൗണിൽ നിന്ന് 3 കിലോമീറ്റർ ചുഴലി പുതുക്കയം റൂട്ടിൽ വാഹനത്തിൽ സഞ്ചരിച്ചാൽ നിരവുമ്മൽ എന്ന സ്ഥലത്ത് എത്തിച്ചേരും.ഇവിടെ റോഡിന്റെ ഇടതുഭാഗത്തായി നാഷണൽ എൽ പി സ്കൂൾ സ്ഥിതി ചെയ്യുന്നു.വിദ്യാഭ്യാസപരമായും സാമൂഹികപരമായും വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശവും പാവപ്പെട്ടവർ തിങ്ങിത്താമസിക്കുന്ന സ്ഥലമായ നിരവുമ്മൽ പ്രദേശത്ത് ഒരു പ്രാഥമിക വിദ്യാലയം 1957 ൽ ഉയർന്നുവന്നത് എടുത്തുപറയത്തക്ക നേട്ടമായിരുന്നു.

ഈ വിദ്യാലയത്തിന്റെ സ്ഥാപക മാനേജർ ടി കുഞ്ഞിരാമൻ നായരാണ് ഇന്നും ഈ സ്ഥാപനത്തിന്റെ മാനേജർ.സ്കൂൾ ആരംഭിക്കുന്ന വർഷത്തിൽ പ്രധാനാധ്യാപകൻ മാനേജറായ ടി കുഞ്ഞിരാമൻ നായരായിരുന്നു.ഒരു താൽകാലിക ഓല ഷെഡ്ഡിൽ 24 ആൺകുട്ടികളും 13 പെൺകുട്ടികളുമായാണ് സ്കൂൾ ആരംഭിച്ചത്.വാണിമേൽ പഞ്ചായത്ത് പ്രസിഡണ്ടും പൊതുകാര്യ പ്രസക്തനുമായ ടി പി കുഞ്ഞിക്കണാരനാണ് 1957 ൽ ഈ വിദ്യാലയം ചടങ്ങില്ലാതെ ഉദ്ഘാടനം ചെയ്തത്.താൽക്കാലിക ഓലഷെഡ്ഡിന്റെ സ്ഥാനത്ത് ഇന്ന് നല്ല കെട്ടുറുപ്പുള്ള ഓട് മേഞ്ഞ കെട്ടിടമാണ്.വളയം പഞ്ചായത്തിലെ നാലാം വാർഡിൽ സർവ്വം 34 ൽ 19തര സെന്റ് സ്ഥലത്താണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്.

ഈ വിദ്യാലയത്തിൽ ഒട്ടേറെ മികച്ച അധ്യാപകർ സേവനമനുഷ്ഠിച്ചിട്ടുണ്ട്.അവരിലേറെ പ്രമുഖനാണ് ശങ്കരൻ മാസ്റ്റർ.ഇദ്ദേഹം വളയം ശങ്കർ എന്നാണ് അറിയപ്പെടുന്നത്.സാഹിത്യകാരനും,കവിയും നാടകകൃത്തും പൊതുപ്രവർത്തകനുമാണ് ശങ്കരൻമാസ്റ്റർ.രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽ നിറഞ്ഞുനിൽക്കുന്ന എൻ.പി കണ്ണൻമാസ്റ്റർ ഇവിടെ സേവനമനുഷ്ഠിച്ച മറ്റൊരു പ്രധാനാധ്യാപകനായിരുന്നു.

## നേട്ടങ്ങൾ

പാഠ്യപാഠ്യേതര പ്രവർത്തനങ്ങള്ളിൽ മിന്നുന്ന പ്രകടനം കാഴ്ചവെക്കുന്ന വിദ്യാലയമാണിത്.കായികമേളയിലും ശാസ്ത്രപ്രവൃർത്തിപരിചയമേളകളിലും യുറീക്ക വിജ്ഞാന പരീക്ഷ,എൽ.എസ്.എസ്,ബാലരമാ ഡൈജസ്റ്റ്,സ്കോളർഷിപ്പ്,കുഞ്ഞുണ്ണിമാസ്റ്റർ വിദ്യഭ്യാസ പുരസ്കാരം,തുടങ്ങിയ മൽസരങ്ങളിലും ഈ വിദ്യാലയം മുൻപന്തിയിലാണ്.ഇവിടെ അറബി അധ്യാപകനില്ല.ആ ഭാഷ പഠിക്കുന്ന കുട്ടികളുമില്ല.എങ്കിലും 2013-14 അധ്യായനവർഷം കലോൽസവത്തിൽ അറബി പദ്യപാരായണമൽസരത്തിൽ പഞ്ചായത്ത് തലത്തിൽ എ ഗ്രേഡും ഒന്നാം സ്ഥാനവും ഉപജില്ലാ തലത്തിൽ എ ഗ്രേഡും രണ്ടാം സ്ഥാനവും ലഭിച്ചിട്ടുണ്ട്.കായികമേളയിൽ 1990,2004,2013 ഓവറോൽ ചാമ്പ്യഷിപ്പ്,നാടൻകകായികമേളയിൽ 2016 ൽ ഓവറോൾ ചാമ്പ്യൻഷിപ്പും നേടി.

എൽ.എസ്.എസ് നേട്ടം1987,1998,96,97,2002,-03,04,05,13,14,15 എന്നീ വർഷങ്ങളിൽ 2013-14 ഉപജില്ലയിൽ ഏറ്റവും കൂടുതൽ എൽ എസ് എസ്സ് നേടിയതും ഈ സ്കൂളിലെ കുട്ടികൾ തന്നെ.2015-16 ൽ ജില്ലാതല കുഞ്ഞുണ്ണിമാസ്റ്റർ പുരസ്കാരം നേടി.2015-16 ൽ വളയം ഗ്രാമപഞ്ചായത്തിലെ മികച്ച വിദ്യാലയത്തിനുള്ള അവാർഡും തൂണേരി ബ്ലോക്ക് പരിധിയിലൂള്ള വാദ്യാലയങ്ങളിൽ മികച്ച രണ്ടാമത്തെ വിദ്യാലയത്തിനുള്ള അവാർഡും ഈ സ്കൂളിന് ലഭിച്ചു.2016-17 വർഷത്തിൽ വളയം പഞ്ചായത്ത് തല നാടൻ കായികമേളയിൽ ഒന്നാംസ്ഥാനവും 2017-18 വർഷത്തിൽ കായികമേളയിൽ രണ്ടാം സ്ഥാനവും ഈ വിദ്യാലയത്തിനു ലഭിച്ചു.

## ഭൗതിക സൗകര്യങ്ങൾ

മെച്ചപ്പെട്ട കുടിവെള്ള സംവിധാനം,മൂത്രപ്പുര,കക്കൂസ്,ഗണിത രീതിയിൽ നിർമ്മിച്ച പക്ഷികൾക്കുള്ളകുടിനീർ സംവിധാനം,ആധുനിക സൗകര്യങ്ങളോടുകൂടിയ കിച്ചൻകം-സ്റ്റോറും, വൈദ്യുതീകരിച്ച ക്ലാസ് മുറികൾ മനോഹരമായ പൂന്തോട്ടം,പച്ചക്കറികൃഷി,ശിശുസൗഹൃദ പരിസ്ഥിതി സൗഹൃദ കാമ്പസ്.

## പാഠ്യേതര പ്രവർത്തനങ്ങൾ

ദിനാഘോഷങ്ങൾ,രക്ഷിതാക്കളുടെ രചനാമൽസരം,നിർമ്മാണ മൽസരം,ക്വിസ് പ്രോഗ്രാമുകൾ,ബോധവൽക്കരണക്ലാസുകൾ,കുട്ടിയും കുടുംബവുമൊത്തുള്ള പഠന വിനോദയാത്രകൾ, ഫീൽഡ് ട്രിപ്പുകൾ,ക്ലബ് പ്രവർത്തനങ്ങൾ,സ്കൂളിന് സമീപത്തുള്ള തെരുവ് ശുചീകരണം,നാടൻകളികളുടെ പ്രോൽസാഹനം,ചെസ്സ് പരിശീലനം,ഹിന്ദി ഭാഷാപഠനം(IV)

## പരിമിതികൾ

അധ്യപകർക്കുള്ള ഐടിയിലുള്ള പരിചയക്കുറവ് പ്രധാനപ്പെട്ട ഒരു പരിമിതിയാണ്.ഇടച്ചുമരില്ലാത്ത ക്ലാസ് മുറികളും,സ്റ്റാഫ് മുറി,ലാബ്,ലൈബ്രറി റൂം, എന്നിവയുടെ അഭാവവും ഈ സ്ഥാപനത്തിന്റെ പരിമിതികളാണ്.

## അക്കാദമിക പരിമിതികൾ

മലയാളം

* അക്ഷരങ്ങൾ,ചിഹ്നങ്ങൾ,പദങ്ങൾ വാക്കുകളുടെ രൂപീകരണം എന്നിവയിൽ പ്രശ്നം നേരിടുന്ന കുട്ടികൾ.
* നേടിയെടുത്ത ഭാഷാപരമായ കഴിവുകൾ പ്രകടിപ്പിക്കാനും പോഷിപ്പിക്കാനുമുള്ള അവസരങ്ങളുടെ പരിമിതി.

ഇംഗ്ലീഷ്

* എഴുത്ത്,വായന എന്നിവയിൽ വെല്ലുവിളികൾ നേരിടുന്ന ഏതാനും കുട്ടികൾ.
  (ഭാഷയിൽ ആശയവിനിമയം വാചികമായും അല്ലാതെയും നേടിയെടുക്കാനുള്ള പരിമിതി)
* പുസ്തകങ്ങളുടെ ലഭ്യതക്കുറവ്

ഗണിതം

* ചതുഷ്ക്രിയകൾ പൂർണ്ണമായും സ്വായത്തമാക്കാൻ കഴിയാത്ത അവസ്ഥ
* ഗണിതത്തിലുള്ള താൽപര്യക്കുറവ്

പരിസരപഠനം

* പരിസ്ഥിതി ബോധം ഇല്ലാത്ത അവസ്ഥ
* വിശാലമായ സാമൂഹികഅവബോധം ഉണ്ടാകാത്തത്.
* ഭൂപ്രകൃതിയെകുറിച്ചുള്ള കുറഞ്ഞ അവബോധം.

കലാകായികം

* വേണ്ടത്ര പരിശീലനം ലഭിക്കാത്തത്

## പൊതുലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാകുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്നു ഉറപ്പുവരുത്തുക.
* കുട്ടികളുടെ സർഗപരവും അക്കാദമികവും കായികപരവുമായ കഴിവ് പരമാവധി പ്രോൽസാഹിപ്പിക്കുക
* ഇത്തരം കഴിവുകൾ നേടുന്നതിനായി സമഗ്രപരിശീലനം ഉറപ്പുവരുത്തുക.
* നാലാം ക്ലാസ് പൂർത്തിയാക്കുമ്പോഴേക്കും എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും സംസാരിക്കാനുമുള്ള കഴിവ് നേടി എന്ന് ഉറപ്പു വരുത്തുക.

## ഭാഷാവികസനം

**വിഷയം : - മാതൃഭാഷ (മലയാളം)**

* എല്ലാ കുട്ടികൾക്കും അർത്ഥപൂർണ്ണമായി വായിക്കാനും എഴുതാനും കഴിയുക
* എല്ലാ കുട്ടികളും ഓരോ പ്രായഘട്ടത്തിലും അനുയോജ്യമാം വിധം മലയോളത്തിൽ മികച്ച നിലയിൽ ആശയവിനിമയശേഷി നേടി എന്നുറപ്പാക്കുക.
* കുട്ടികളുടെ സാഹിത്യഅഭിരുചി വളർത്തുക.
* സർഗാത്മക രചനയ്ക്ക് അവസരം സൃഷ്ടിക്കുക.
* ആശയങ്ങൾക്ക് വിവിധരൂപത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക
* ഭാഷാശേഷി വികസനത്തിനായി ആധുനികസാങ്കേതിക സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുക.
* വായനാസൗകര്യം മെച്ചപ്പെടുത്തുക.

## വിഷയം : - ഇംഗ്ലീഷ്

* എല്ലാ കുട്ടികളും അതത് ക്ലാസുകളിൽ നേടിയിരിക്കേണ്ട ഇംഗ്ലീഷിലെ ഭാഷാശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തുക.
* ഇംഗ്ലീഷ് ഭാഷാപഠനത്തിൽ ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.
* 4ാം ക്ലാസ് പൂർത്തിയാകുമ്പോൾ ഇംഗ്ലീഷ് പഠനമാധ്യമത്തിൽ തുടർന്നു പഠിക്കുന്നതിനുള്ള കഴിവ് മെച്ചപ്പെടുത്തുക.
* ഇംഗ്ലീഷ് ഭാഷാശേഷികൾ മികച്ചരീതിയിൽ ആവിഷ്കരിക്കാൻ കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുക.

## പരിസരപഠനം

* പരിസരപഠനത്തിൽ നേരിട്ടുള്ള പഠനാനുഭവങ്ങൾക്ക് കൂടുതൽ അവസരമൊരുക്കുക.
* പൊതുവിജ്ഞാനം ആർജിക്കുന്നതിനായി കൂടുതൽ അവസരം ഒരുക്കുക.
* പരിസ്ഥിതിയെകുറിച്ച് കൂടുതൽ അവബോധം ഉണ്ടാക്കുന്ന തരത്തിൽ പഠനസാമഗ്രികൾ തയ്യാറാക്കുക.
* ആരോഗ്യം,ആരോഗ്യശീലങ്ങൾ എന്നിവയെക്കുറിച്ച് പ്രാഥമികജ്ഞാനം നേടിയെന്ന് ഉറപ്പുവരുത്തുക.
* പരിസരപഠനത്തിൽ നേടിയിരിക്കേണ്ട മുഴുവൻ ശേഷികളും നേടി എന്ന് ഉറപ്പുവരുത്തുക.
* കണ്ടെത്തിയ അറിവുകൾ സ്വന്തം ജീവിതത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നു എന്ന് ഉറപ്പുവരുത്തുക.

## ഗണിതം

* എല്ലാ കുട്ടികളും അതതു ക്ലാസുകളിൽ നേടിയിരിക്കേണ്ട ഗണിതാശയങ്ങൾ ഗ്രഹിച്ചു എന്ന കാര്യം ഉറപ്പുവരുത്തുക.
* എല്ലാ കുട്ടികളും ചതുഷ്ക്രിയകൾ ഉപയോഗിക്കുന്നതിൽ പ്രാപ്തിനേടി എന്ന് ഉറപ്പുവരുത്തുക.
* ഗണിതപഠനത്തിൽ ആധുനികസാങ്കേതികവിദ്യാസാധ്യതകളെ പ്രയോജനപെടുത്തുക
* ഗണിതം ആസ്വാദ്യകരമായ തലത്തിൽ എത്തുന്നു എന്നു ഉറപ്പുവരുത്തുക.

## കായികപഠനം

* കായിക പ്രവർത്തനങ്ങൾക്ക് അവസരം ഉണ്ടാക്കുക
* വിവിധ കായിക മൽസരങ്ങലിൽ പങ്കാളിത്തം ഉറപ്പാക്കുക.
* വ്യായാമം,യോഗ എന്നിവയ്ക്ക് അവസരം ലഭ്യാമാക്കുക.
* ലഘുവായ കായികപരിശീലനങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കുക.

## കലാപഠനം/വൈജ്ഞാനിക മേഖല

* കലാപഠനത്തിൽ കൂടുതൽ പഠനസാധ്യതകൾ ഉണ്ടാക്കുക
* വിവിധകലകളുടെ പരിശീലനത്തിനും ആസ്വാദനത്തിനും അവസരങ്ങൾ സൃഷ്ടിക്കുക
* വൈജ്ഞാനികമായ ശേഷികൾ മെച്ചപ്പെടുത്തുന്നതിനൊപ്പം സ്വന്തം മികവുകൾ വിലയിരുത്താൻ അവസരങ്ങൾ സൃഷ്ടിക്കുക.

## സാങ്കേതിക(ഐടി)പഠനം

* ആവിഷ്കാര പ്രകടനമേഖലകൾ വിപുലീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.
* നേടിയ നൈപുണികൾ വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് ചെയ്യാൻ കഴിയുമെന്ന് ഉറപ്പുവരുത്തുക.

മേഖല :

അക്കാദമിക മികവിലൂടെ വിദ്യാലയ മികവ്

പ്രശ്നം : കുട്ടികളുടെ പിന്നോക്കാവസ്ഥ (എഴുത്ത് വായന ഉറക്കാത്തത്)
(2 മുതൽ നാല് വരെ ക്ലാസുകളിലെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾ)

| കാരണങ്ങൾ | പരിഹാരനിർദ്ദേശങ്ങൾ | പ്രവർത്തനം |
|---|---|---|
| **പഠനത്തിലുള്ള പിന്നോക്കാവസ്ഥ**<br>* ശ്രദ്ധക്കുറവ്<br>* താൽപര്യമില്ലായ്മ<br>*ആശയം ഗ്രഹിക്കാനുള്ള കഴിവില്ലായ്മ<br>* ഹാജറിന്റെ കുറവ് | * കുട്ടികളിൽ താൽപര്യം ജനിപ്പിക്കുന്ന രീതിയിലുള്ള മൊഡ്യൂൾ തയ്യാറാക്കുക.<br>ICT സാധ്യത പ്രയോജനപെടുത്തൽ, ഗെയിംസ് .etc | ICTസാധ്യതകൾ പ്രയോജനപെടുത്തികൊണ്ട് സിനിമ,കഥകൾ പരിചയപ്പെടുത്തി ലഘുവാക്കുകൾ,വാക്യങ്ങൾ എഴുതിക്കൽ-ചിത്രചനയിലേർപ്പെടൽ |
| * സമയക്കുറവ്<br>* സിലബസിന്റെ അമിതഭാരം | * SSGഅംഗങ്ങളെ ഉൾപെടുത്തികൊണ്ട് ക്ലാസ് കൈകാര്യം ചെയ്യൽ. | |
| * വീട്ടിൽ നിന്നുള്ള ശ്രദ്ധക്കുറവ്<br>* പഠനാന്തരീക്ഷം<br>* പഠിക്കാനുള്ള സാഹചര്യക്കുറവ് | * വീടുകളിൽ കുട്ടികൾക്കാവശ്യമായ പഠനാന്തരീക്ഷം ഒരുക്കൽ (ശാന്തമായ അന്തരീക്ഷം,പഠനമുറി,മേശ,വെളിച്ചം) | |

| SI NO | വിഷയം | പദ്ധതി /ഉദ്ദേശ്യങ്ങൾ | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | കാലപരിധി | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|---|
| | ഭാഷ<br>കല<br>ഗണിതം | <u>ശ്രദ്ധ</u><br>നൈസർഗികമായ കഴിവുകളുടെ വികസനം | നൈസർഗികമായ കഴിവുകൾ വികസിപ്പിക്കുക<br>ആശയശേഷി വികസനം | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഠനത്തിൽ താല്പര്യം വർദ്ധിപ്പിക്കുക | ജനുവരി | | BRC<br>SRG |
| | ഭാഷ<br>സാമൂഹിക ശാസ്ത്രം | <u>സഹവാസക്യാമ്പ്</u><br>നാടൻകലകൾ പരിചയപ്പെടുക | നാടൻ കലകൾ പരിചയപ്പെടുക<br>കലാകാരന്മാരുമായി അഭിമുഖം<br>നക്ഷത്ര നിരീക്ഷണം | സാമൂഹിക ഇടപെടലുകൾക്ക് അവസരം ഒരുക്കുക<br>സാമൂഹികമായി ഇടപെടാൻ കുട്ടികളെ ക്രിയാത്മകമായി മാറ്റിയെടുക്കുക | ജനുവരി | | SRG<br>BRC |
| | കല | <u>ചിത്രശാല</u><br>ചിത്രരചനയിൽ മികവ് | നൈസർഗികമായ കഴിവുകൾ വികസിപ്പിക്കുക<br>ക്ലാസ് പരിശീലനം<br>മത്സരം<br>പ്രദർശനം മോണിറ്ററിംഗ് | കലാ അഭിരുചികൾ വികസിപ്പിക്കാൻ ഓരോ കുട്ടികൾക്കും അവസരങ്ങൾ നൽകുക | ഫിബ്രവരി<br>മാർച്ച് | | SRG<br>BRC<br>PTA |
| | കായികം | **ഫ്രൈഡെ ഡ്രിൽ**<br>കായിക ക്ഷമത | അസംബ്ലി പരിശീലനം<br>പരേഡിംഗ്<br>സിംപിൾ എക്സൈസ്<br>നിയമങ്ങൾ അറിഞ്ഞ് കളിക്കാം | വ്യായാമവും ആരോഗ്യവും തമ്മിലുള്ള ചാലക ശക്തിയെ പ്രചോദിപ്പിക്കുക | ൰മാസം | | BRC |
| | ICT | **<u>ലോകം വിരൽത്തുമ്പിൽ</u>**<br>കമ്പ്യൂട്ടർ, ഇൻഫർമേഷൻ ടെക്നോളജി എന്നിവ | കമ്പ്യൂട്ടർ പരിശീലനം<br>ചിത്രശാല - കളിപ്പെട്ടി<br>വിജ്ഞാന പ്രദമായ കളികൾ | ഇൻഫർമേഷൻ ടെക്നോളജിൽ പ്രാഥമികമായ അറിവുകൾ ആർജ്ജിക്കാൻ അവസരം ഒരുക്കുക.<br>ICTസാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുക<br>സാങ്കേതിക നേട്ടങ്ങൾ പ്രാപ്തമാക്കുക | ൯മാസം | Computer Lab<br>കളിപ്പെട്ടി | SRG<br>PTA |

മേഖല : അക്കാദമികം

ഉപമേഖല : മലയാള ഭാഷയിലുള്ളപിന്നോക്കാവസ്ഥ

പ്രവർത്തനം 1 : ശ്രദ്ധ, മലയാളത്തിളക്കം , പടവുകൾ എന്നിവയുടെ മൊഡ്യൂൾ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|---|
| മുഴുവൻ കുട്ടികളെയും മികവിലേക്കുയർത്തുക | *പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്തു മികവുകളും പരിമിതികളും കണ്ടെത്തുന്നു<br>*പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ രക്ഷിതാക്കളുടെ യോഗം<br>*പരിമിതികൾ പരിഹരിക്കുന്നതിന്<br>* ആവശ്യമായ പരിഹാര പ്രവർത്തനങ്ങൾ ത‌യ്യാറാക്കൽ<br>*ICT സാദ്ധ്യതകൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ക്ലാസ്<br>* രക്ഷിതാക്കളെയും കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഏകദിനക്യാമ്പ്<br>* രക്ഷിതാക്കളും SSG കോഡിനേറ്ററും ചേർന്ന് നടത്തുന്ന ക്ലാസ്<br>* ഒരു ദിനം ഒരു ഭാഷാപരിപാടി എല്ലാ ക്ലാസിലും<br>* വായനകാർഡ് , വായനചാർട്ട് എന്നിവ പ്രയോജനപ്പെടുത്തൽ<br>*പ്രവർത്തനവുമായി ബന്ധപ്പെട്ട നാടകീകരണം<br>പതിപ്പുകൾ | HM<br>SSG-കൺവീനർ<br>PTA പ്രതിനിധി | I-acadamic year | SRG<br>PTAക്ലബ്ബുകൾ | |

| SI NO | വിഷയം | പദ്ധതി / ഉദ്ദേശങ്ങൾ | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | കാലപരിധി | ഭൗതിക | പിന്തുണ |
|---|---|---|---|---|---|---|---|
| | ഭാഷ | **മലയാളത്തിളക്കം**<br>ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ | പ്രീടെസ്റ്റ്<br>വീഡിയോ കണ്ട് വാക്യങ്ങൾ ഉണ്ടാക്കൽ<br>അക്ഷരങ്ങൾ,ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>വിവരണം എഴുതൽ<br>ലഘുകവിതകൾ എഴുതൽ<br>ചിത്രം വരയ്ക്കൽ<br>സംഭാഷണം തയാറാക്കൽ<br>ലൈബ്രറിവിതരണം<br>കുറിപ്പ് -കഥ എഴുതൽ<br>അടിക്കുറിപ്പ് തയ്യാറാക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഭാഷാശേഷികളുടെ മിനിമം ലവലിൽ എത്തിക്കുക | 2മാസം<br>Aug to Sep | പുസ്തകങ്ങൾ<br>കഥാപുസ്തകം<br>സ്മാർട്ട്ടിവി<br>സ്മാർട് ക്ലാസ്റൂം<br>വായനാകാർഡ് | BRC<br>Trainer<br>SRG |
| | | വായനാക്കൂട്ടം<br>മികച്ച വായനക്കാരെ കണ്ടെത്തൽ | * 2,4 ക്ലാസുകൾ വായനക്കൂട്ടം<br>1,3 ക്ലാസുകൾ രൂപീകരണം<br>വായനാസാമഗ്രികൾ ശേഖരിക്കൽ<br>PTAയോഗം ചേരൽ<br>അംഗീകാരം (മികച്ച വായന)<br>മോണിറ്ററിംഗ് | വായനയിൽ താല്പര്യം ഉണ്ടാക്കൽ<br>അർത്ഥ ഗ്രഹണ വായന അവതരണത്തിൽ മികവ് ഉണ്ടാക്കൽ<br>വായനാനുഭവം പങ്കുവയ്ക്കൽ | 2മാസം | പുസ്തകങ്ങൾ | PTA<br>SRG |

| Sl NO | വിഷയം | പദ്ധതി ഉദ്ദേശ്യങ്ങൾ | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | കാലപരിധി | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|---|
| | ഭാഷ | മലയാളം കൈയെഴുത്തു മാഗസിൻ<br>ഭാഷാശേഷികൾ വികസിപ്പിക്കാനുള്ള അവസരം ഒരിക്കൽ | എഡിറ്റോറിയൽ ബോർഡ് രൂപീകരണം. (പരിശീലന ക്ലാസ് )<br>സൃഷ്ടികൾ നിർമിക്കാനുള്ള വർക്ക്ഷോപ്പ്<br>മാഗസിൻ നിർമാണം<br>പ്രകാശനം മോണിറ്ററിങ് | നൈസർഗികമായ കഴിവുകൾ പരിപോഷിപ്പിക്കുക<br>സാഹിത്യാഭിരുചിയെ മെച്ചപ്പെടുത്തുക | 2മാസം<br>July-Aug | | SRG<br>SSG<br>PTA |
| | | കവിയരങ്ങ് | സംഘാടന സമിതി<br>കവിതളുമായി സംവദിക്കൽ<br>കവിതാവർക്കഷോപ്പ്<br>കവിതകൾ പരിചയപ്പെടൽ<br>ആലാപനം | ഭാഷാപരമായ ശേഷികളിൽ മികവ് | 4മാസം | | PTA<br>BRC |

| Sl NO | വിഷയം | പദ്ധതി/ ഉദ്ദേശങ്ങൾ | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | കാലപരിധി | ഭൗതിക | പിന്തുണ |
|---|---|---|---|---|---|---|---|
| | ഭാഷ | ***ഗ്രന്ഥശാലയിലേക്ക്***<br>ഗ്രന്ഥശാല വിപുലീകരണം<br>വായനയ്ക്കും റഫറൻസിനും<br>അവസരങ്ങൾ സൃഷ്ടിക്കുക | ഗ്രന്ഥശാല വികസന<br>സമിതി രൂപീകരണം<br>ക്ലാസ് ലൈബ്രറി രൂപീകരണം<br><br>പദ്ധതികൾ ആസൂത്രണം<br>(ബർത്ത്ഡെ ഗിഫ്റ്റ്)<br>വായനക്കുറിപ്പ് അവതരണം<br>അസംബ്ലിയിൽ പുസ്തകം<br>പരിചയപ്പെടുത്തൽ<br>വായനാക്കുറിപ്പ് മത്സരം | അർത്ഥപൂർണമായ<br>വായന<br>പഠനത്തിൽ ആവശ്യമായ<br>ഘട്ടങ്ങളിൽ അധിക<br>വായനയ്ക്ക് ആവശ്യമായ<br>സാമഗ്രികൾ ലഭ്യമാക്കുക | 5മാസം | പുസ്തകങ്ങൾ | PTA<br>SRG<br>PUBLIC |
| | | **അക്ഷരക്കളരി**<br>എല്ലാവർക്കു എഴുത്തും<br>വായനയും പ്രാപ്തമാക്കുക | <u>പ്രീ-ടെസ്റ്റ്</u><br><br>വായനാസാമഗ്രികൾ<br>ശേഖരിക്കൽ<br>അക്ഷരം ഉറപ്പിക്കൽ<br>അക്ഷരക്കളികൾ<br>ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>ഭിന്നശേഷിക്കാരെ പരിഗണിക്കൽ<br>കമ്പ്യൂട്ടർ ഗെയിം | കളികളിലൂടെയും മറ്റും<br><br>ആധുനിക സാങ്കേതിക<br>വിദ്യകളെ പഠനത്തിൽ<br>ഉൾക്കൊള്ളിക്കുക | 6മാസം | വായനാ<br>സാമഗ്രികൾ<br>TAB - കൾ<br>ITC | SRG |

| NO. | വിഷയം | പദ്ധതി / ഉദ്ദേശങ്ങൾ | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | കാലപരിധി | ഭൗതിക | പിന്തുണ |
|---|---|---|---|---|---|---|---|
| | ഭാഷ | <u>ന്യൂസ് അപ്ഡേറ്റ്</u><br>അർത്ഥ പൂർണമായ വായന | പത്രങ്ങൾ സ്പോൺസർ ചെയ്യിപ്പിക്കൽ<br>ദിവസവും പത്രം വായിച്ച് കുട്ടികൾക്കാവശ്യമായ വാർത്തകൾ കണ്ടുപിടിച്ച് കുറിപ്പ് തയാറാക്കൽ (എല്ലാ ദിവസവും )<br>ആഴ്ചയിലൊരിക്കൽ കുറിപ്പിനെ അടിസ്ഥാനമാക്കി ക്വിസ് മത്സരം | കുട്ടികൾക്ക് ആവശ്യമായ വിവരങ്ങൾ അർത്ഥം ഗ്രഹിച്ചുള്ള വായനയിലൂടെ കണ്ടെത്തൽ<br>ഭാഷാപരമായ ശേഷികൾ ഉയർന്ന തലത്തിലേക്ക് എത്തിക്കുക | 12 മാസം | പത്രക്കുറിപ്പ് തയ്യാറാക്കാനുള്ള പുസ്തകം | PTA<br>SRG |
| | | <u>പതിപ്പുകൾ</u> | എഡിറ്റോറിയൽ രൂപീകരണം<br>സ്വാതന്ത്ര്യദിനം, ശിശുദിനം റിപ്പബ്ലിക് ദിനം, ഓണം ക്രിസ്തുമസ്വിശേഷദിവസങ്ങളിൽ പുറത്തിറക്കാൻ വേണ്ടിയുള്ള പതിപ്പ് തയ്യാറാക്കൽ<br>പ്രത്യേക ദിനങ്ങൾ പട്ടിക പ്പെടുത്തൽ - പതിപ്പ് തയാറാക്കൽ - പ്രകാശനം<br>മോണിറ്ററിംഗ് | സാഹിത്യം ,കല എന്നിവയിൽ അഭിരുചിയുണ്ടാക്കുക<br>അവതരണത്തിനായി കൂടുതൽ സന്ദർഭങ്ങൾ സൃഷ്ടിക്കുക | 7 മാസം | | SRG<br>PTA |
| | | <u>സാഹിത്യ സമാജം</u> | സമിതി രൂപീകരണം<br>മാസത്തിൽ ഒരിക്കൽ സ്ക്കൂൾ തലത്തിൽ മത്സരങ്ങൾ (കഥ, കവിത)<br>മോണിറ്ററിംഗ് | ഭാഷാപരമായ കഴിവുകൾ പ്രകടിതമാക്കാൻ കൂടുതൽ സന്ദർഭങ്ങൾ സൃഷ്ടിക്കുക | 6 മാസം | | SRG<br>PTA<br>കലാസമിതി |

| Sl NO | വിഷയം | പദ്ധതി/ഉദ്ദേശങ്ങൾ | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | കാലപരിധി | ഭൗതിക | പിന്തുണ |
|---|---|---|---|---|---|---|---|
| | ഗണിതം | **ഗണിതം മധുരം**<br>ഗണിതത്തിൽ തല്പര്യം | ഗണിതക്ലാസ് (വിദഗ്ദൻ)<br>ദിനാചരണം<br>ഗണിത പസിൽ നിർമ്മാണം<br>അവതരണം<br>നാടൻ കണക്കുകൾ<br>കൈക്കണക്ക്<br>ഗണിതസമസ്യകൾ | രസകരമായ ഗണിതം<br>ഗണിതത്തിൽ താല്പര്യം<br>ഉണർത്തുന്ന വിദഗ്ദരു<br>ടെ ക്ലാസുകൾ സംഘടിപ്പി<br>ക്കൽ | 2മാസം | | PTA<br>BRC |
| | | **ഗണിതലാബ്**<br>ഗണിതത്തിലെ ശേഷിമേഖല<br>കൾ എല്ലാ കുട്ടികളിലും<br>എത്തിക്കുക | നിർമ്മാണവസ്തു<br>ശേഖരണം<br>വിദഗ്ദരുടെ സേവനം<br>ഉറപ്പാക്കൽ<br>നിർമ്മാണം<br>സൂക്ഷിക്കൽ<br>ഉപയോഗിക്കൽ | ഗണിതലാബ് ഉപയോഗി<br>ക്കാൻ പ്രാപ്തരാക്കുക<br>ഗണികതോപകരണങ്ങൾ<br>നിർമ്മിക്കുക,സൂക്ഷിക്കുക<br>ഗണിതപഠനം<br>ലഘൂകരിക്കൽ | 2മാസം | അലമാര<br>നിർമ്മാണ<br>വസ്തുക്കൾ | PTA<br>BRC<br>SRG |
| | | **ഗണിതവിശേഷങ്ങൾ**<br>ഗണിതത്തിൽ മികവ് | ഗണിതക്രിയകളുടെ രൂപീകരണം<br>ക്വിസ് മത്സരങ്ങൾ<br>ദിനാചരണങ്ങൾ<br>പതിപ്പ് തയ്യാറാക്കൽ<br>പ്രദർശനങ്ങൾ<br>സ്ക്കൂൾ അളക്കൽ<br>തിട്ടപ്പെടുത്തൽ<br>ടാൻഗ്രാം നിർമ്മാണം ചുമർ<br>പത്രനിർമ്മാണം<br>ഗണിതോല്പന്ന പ്രദർശനം | | 3മാസം | | SRG |

# അക്കാദമിക മാസ്റ്റർ പ്ലാൻ

മേഖല : അക്കാദമികം

ഉപമേഖല : ഗണിതത്തിലുള്ള പിന്നോക്കാവസ്ഥ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|---|
| മുഴുവൻ കുട്ടികളിലും ഗണിതക്രിയകൾ ഫലപ്രദമായി എത്തിക്കാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കൽ | കുട്ടികളുടെ ഗണിതപ്രവർത്തനങ്ങൾ ലഘൂകരിക്കുന്നതിനും താല്പര്യം വർദ്ധിപ്പിക്കുന്നതിനും വേണ്ടി 2,3,4 ക്ലാസിലെ കുട്ടികൾക്ക് അബാക്കസ് ക്ലാസ് | SSG<br>SRG<br>PTA | 1 വർഷം | PTA | |
| | പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്തു മികവുകളും പരിമിതികളും കണ്ടെത്തുന്നു പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തന പാക്കേജ് തയാറാക്കൽ | SRG | ജൂൺ ജൂലായ് | | |
| | ICT-സാധ്യതകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ക്ലാസ് | SRG | | | |
| | ഗണിതകേളികൾ,പസിലുകൾ പരിചയപ്പെടൽ ഗണിതലാബിന്റെ ഉപയോഗം അളക്കൽ | വിദഗ്ദരുടെ സേവനം | 1 മാസം | | |

## മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ് ഭാഷയിലുള്ള പിന്നോക്കാവസ്ഥ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | *പഠനനിലവാരം കണ്ടെത്തി (Pre-test) നടത്തി വിശകലനം ചെയ്തു മികവുകളും പരിമിതികളും കണ്ടെത്തുന്നു<br>* പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനപാക്കേജ് തയ്യാറാക്കൽ<br>* 2 മുതൽ 4 വരെയുള്ള ക്ലാസിലെ കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് English SpecialCoaching Class സംഘടിപ്പിക്കൽമാസത്തിൽ ഒരു English Fest നടത്തൽ ഇംഗ്ലീഷിലുള്ള അസംബ്ലിഇംഗ്ലീഷിലുള്ള ഡയറിക്കുറിപ്പ്<br>* ഇംഗ്ലീഷ് റീഡിംഗ്ക്ലാസ് - (Reading Materials,Stories,Chart, etc)<br>ഒരു ദിവസം ഒരു ഭാഷാപരിപാടി (എല്ലാ ക്ലാസുകളിലും)<br>ഇംഗ്ലീഷ് ക്ലാസ് ലൈബ്രറി - (വായനാ -സാമഗ്രികൾ, ലഘുവായനാപുസ്തകം പത്രം<br>ഇംഗ്ലീഷ് തിയേറ്റർ | ജൂൺ മാസം<br>ജൂലായ് മുതൽ സെപ്തംബർ വരെ<br>1 മാസം<br>2 ക്ലാസ്<br>SRG<br>SSG<br>ഒക്ടോബർ മുതൽ<br>ആഗസ്ത് മുതൽ<br>ജനുവരി | ഇംഗ്ലീഷ് ടീച്ചർ<br>SRG<br>HM<br>English<br>Teacher<br>വിദഗ്ദ അധ്യാപകൻ<br>SRG<br>SRG<br>English<br>Teacher PTA | PTA | |

# ഹ്രസ്വകാലം

| NO | വിഷയം | പദ്ധതി/ഉദ്ദേശങ്ങൾ | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | കാലപരിധി | ഭൗതിക | പിന്തുണ |
|---|---|---|---|---|---|---|---|
| | **English** | നല്ല ഇംഗ്ലീഷ് | Pretest<br>ചിത്രങ്ങൾക്കു പേരുനൽകൽ<br>ഇന്റർവ്യൂ<br>ഭാഷാ പരിപോഷണ പദ്ധതി<br>ലീഡിംഗ് പോയിന്റ് നിർദ്ദേശങ്ങൾക്കനുസരിച്ച് വസ്തുക്കൾ നിർമിക്കൽ<br>കമ്പ്യൂട്ടർ ഗെയിമുകൾ [Spell games]<br>വിദഗ്ദരുടെ ക്ലാസുകൾ | ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം | 6 മാസം | ICT | SRG<br>PTA |
| | | ഒരെരംഗം<br>ഇംഗ്ലീഷ് ഭാഷാശേഷി വികസനം | സംഘാടനം<br>ഗ്രൂപ്പ് രൂപീകരണം<br>പരിശീലനം<br>അവതരണം | ഇംഗ്ലീഷ് ഭാഷയിൽ പാട്ടുകൾ അവതരിപ്പിക്കാൻ അവസരങ്ങൾ സൃഷ്ടിക്കുക | 2 മാസം | | SRG<br>PTA |

## ദീർഘകാലം..

| SI NO | വിഷയം | പദ്ധതി/ഉദ്ദേശങ്ങൾ | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | കാലപരിധി | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|---|
| | **English** | തിയേറ്റർ ആക്ടിവിറ്റി<br>ആശയ വിനിമയം | സംഘാടനം - വിദഗ്ദരുടെ സേവനം ഉറപ്പാക്കൽ<br>Skit<br>Drama. Role Play,Rhyme എന്നിവയിൽ പരിശീലനം<br>അവതരണം | ആശയവിനിമയം | 8 മാസം | | PTA<br>SBG |
| | | ഇംഗ്ലീഷ് ക്ലബ്ബ് | രൂപീകരണം<br>ആസൂത്രണം പ്രദ്ധതികൾ<br>സാഹിത്യം പരിചെപ്പെടൽ<br>ICT-Short Film in English<br>English അസംബ്ലി<br>ഡയറി എഴുത്ത് | | 8 മാസം | | SRG |
| | | വാർത്താ അവതരണം | അസംബ്ലിയിൽ ഇംഗ്ലീഷിൽ വാർത്തകൾ വായിക്കൽ<br>ലഘുവിവരണം അവതരിപ്പിക്കൽ<br>പ്രസംഗം - ചോദ്യം | ആശയവിനിമയം | 8 മാസം | | |